**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3966** **03-03-2023 - ല്‍ മറുപടിയ്ക്ക്**

**മാങ്ങാട്ടുപറമ്പ് ആശുപത്രി കോമ്പൗണ്ടില്‍ കാരുണ്യ മെഡിക്കല്‍ ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദന്‍ മാസ്റ്റര്‍** | | **ശ്രീമതി വീണാ ജോര്‍ജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | മാങ്ങാട്ടുപറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കോമ്പൗണ്ടില്‍ കാരുണ്യ മെഡിക്കല്‍ ഡിപ്പോ ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; | (എ) | കണ്ണൂര്‍ ജില്ലയിലെ മങ്ങാട്ട് പറമ്പില്‍ കാരുണ്യ മരുന്നു ഡിപ്പോയ്ക്ക് വേണ്ടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ചുള്ള (LSGD) പദ്ധതിയ്ക്കുള്ള മരുന്നു വിതരണം നിര്‍വ്വഹിക്കുന്നതിനായി, 2715 ചതുരശ്രയടി വിസ്തീര്‍ണ്ണത്തില്‍ പ്രീഫാബ് കെട്ടിടം Rs.37,63,322/- രൂപ ചെലവഴിച്ച് പൂര്‍ത്തീകരിച്ചിട്ടുള്ളതാണ്. കാരുണ്യ മെഡിസിന്‍ ഡിപ്പോ എത്രയും പെട്ടന്ന് ആരംഭിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചു കഴിഞ്ഞു. ഡിപ്പോ നടത്തിപ്പിനായി ഡ്രഗ് ലൈസന്‍സ് ലഭ്യമായിട്ടുണ്ട്. മാത്രമല്ല നിലവില്‍ അനുവദനീയമായ സ്ഥലത്തു ജില്ലാ മരുന്നുസംഭരണ ശാലയും ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മെഡിക്കല്‍ ഡിപ്പോയുടെ ഭാഗമായി ചില്ലറ വില്‍പ്പന കേന്ദ്രം ആരംഭിക്കുന്നത് പരിഗണിക്കാമോ? | (ബി) | പ്രസ്തുത മെഡിസിന്‍ ഡിപ്പോയുടെ ഭാഗമായി കാരുണ്യ കമ്മ്യൂണിറ്റി ഫാര്‍മസി ആരംഭിക്കുന്നതിനുള്ള നടപടി സജീവ പരിഗണനയിലാണ്. |

സെക്ഷന്‍ ഓഫീസര്‍